# യു.പി.എ സർക്കാറിന്റെ നാലരവർഷം

ലേഖനം

**ഡോ. എസ്.ക്യു.ആർ ഇൽയാസ്**



ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗവും *അഫ്കാറെ മില്ലി* ഉർദു മാസികയുടെ എഡിറ്ററുമാണ് എസ്.ക്യു.ആർ ഇൽയാസ്. ജനിച്ചത് മഹാരാഷ്ട്രയിൽ, 1953ൽ. കെമിസ്ട്രിയിൽ ഡോക്ടറേറ്റ്. ഉർദു, ഇംഗ്ലീഷ്, ഹിന്ദി, മറാഠി, അറബി ഭാഷകൾ അറിയാം.

**2004** മെയ് മാസത്തിൽ മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ യു.പി.എ സർക്കാർ അധികാരത്തിലേറുമ്പോൾ ഇന്ത്യയിലെ സാധാരണക്കാരനുണ്ടായിരുന്ന പ്രതീക്ഷകൾ എത്രത്തോളം സാക്ഷാത്കരിച്ചുവെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

സ്വദേശി വികാരം ഉണർത്തി വാജ്പേയി ബി.ജെ.പിയെ അധികാരത്തിലെത്തിച്ച സന്ദർഭത്തിൽ, ഉദാരീകരണവും ആഗോളവത്കരണവും അനുവദിക്കാത്ത നീതിപൂർവകമായ സാമൂഹികനയം സ്വീകരിക്കും എന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നത്. പക്ഷേ, എൻ.ഡി.എ ഗവൺമെന്റ് മൾട്ടി നാഷ്നൽ കമ്പനികൾക്ക് രാജ്യത്തിന്റെ വാതിലുകൾ തുറന്നുകൊടുക്കുക മാത്രമല്ല, ഐ.എം.എഫിന്റെയും വേൾഡ് ബാങ്കിന്റെയും ഡബ്ലിയു.ടി.ഒയുടെയും തിട്ടൂരങ്ങൾക്കനുസൃതമായി വിദ്യാഭ്യാസം, ആരോഗ്യം, കൃഷി തുടങ്ങിയ ജനസേവന മേഖലകളിൽനിന്ന് പിന്മാറുകയും സബ്സിഡികൾ പിൻവലിക്കുകയും ചെയ്തു. അതിന്റെ ഫലമായി ദാരിദ്ര്യവും തൊഴിലില്ലായ്മയും സാമ്പത്തിക അസമത്വവും ഏറെ വർധിച്ചു.




ഇത്തരം പ്രതിലോമപരമായ നയങ്ങൾ പുനഃപരിശോധിച്ച് നാടിന്റെ ക്ഷേമത്തിനും സാധാരണക്കാരന്റെ പുരോഗതിക്കും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കും എന്നായിരുന്നു മൻമോഹൻ സിംഗ് ഗവൺമെന്റിനെക്കുറിച്ച് ബഹുജനം പ്രതീക്ഷിച്ചിരുന്നത്. സർക്കാറിന്റെ ചില നീക്കങ്ങൾ ഈ പ്രതീക്ഷകൾക്ക് ചിറക് മുളപ്പിക്കുകയും ചെയ്തു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, വിവരാവകാശ നിയമം തുടങ്ങിയവ നല്ല കാൽവെപ്പുകളായിരുന്നു. എന്നാൽ, ഗ്ലോബലൈസേഷനിലും ലിബറലൈസേഷനിലും അധിഷ്ഠിതമായ സാമ്പത്തിക നയത്തിൽ യാതൊരു പുനഃപരിശോധനയും നടത്താതിരുന്നതിനാൽ, വികസനത്തിന്റെയും പദ്ധതികളുടെയും മുഴുവൻ നേട്ടവും ലഭിച്ചത് ടാറ്റ, അംബാനി, ഡാൽമിയ, ബിർള തുടങ്ങിയ കോർപറേറ്റ് ഭീമന്മാർക്ക് മാത്രമാണ്. യു.പിഎ അധികാരത്തിലേറിയ ശേഷം നടന്ന കർഷക ആത്മഹത്യകൾ സർവകാല റെക്കോർഡാണ്.

എത്ര വേഗത്തിലാണോ ജി.ഡി.പി ഗ്രാഫ് ഉയരുന്നത് അതിലേറെ വേഗത്തിൽ വിലക്കയറ്റത്തിന്റെ ഗ്രാഫും ഉയർന്നുകൊണ്ടിരിക്കുന്നു. അന്യായമായ സാമ്പത്തികനയത്തിന്റെ ഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ തുടക്കം കുറിച്ച സാമ്പത്തിക പ്രതിസന്ധി നമ്മുടെ രാജ്യത്തെയും

ബാധിച്ചു തുടങ്ങിയിരിക്കുന്നു.

മുസ്ലിംകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സച്ചാർ സമിതി രൂപീകരണം നല്ലൊരു കാൽവെപ്പായിരുന്നു. സമിതിയുടെ റിപ്പോർട്ട് മുസ്ലിംകളുടെ സാമൂഹിക, വിദ്യാഭ്യാസ പിന്നാക്കാവസ്ഥയും അസന്തുലിതമായ രാഷ്ട്രീയ പങ്കാളിത്തവും എത്രമാത്രം ഗുരുതരമാണെന്ന് അക്കമിട്ട് സമർഥിക്കുകയുണ്ടായി. പരിഹാരത്തിനായി ഗവൺമെന്റ് എന്തെങ്കിലുമൊക്കെ ചെയ്യും എന്ന് എല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ ന്യൂനപക്ഷ സാമ്പത്തിക കോർപറേഷൻ രൂപീകരിക്കുന്നതിലോ നിലവിലുള്ള ആസാദ് ഫൗണ്ടേഷന്റെ ഫണ്ടിൽ ശിപാർശ ചെയ്യപ്പെട്ട പോലെ വർധനവ് അനുവദിക്കുന്നതിലോ യു.പി.എ ഗവൺമെന്റ് യാതൊരു താൽപര്യവും കാണിച്ചില്ല. 2007-ലെ ബജറ്റിൽ മുസ്ലിംകൾക്കായി ഒരു പ്രോജക്ടും സമർപ്പിക്കപ്പെട്ടതുമില്ല. എന്നാൽ പ്രീമെട്രിക് പോസ്റ്റ്, മെട്രിക് തലത്തിലും മറ്റുമുള്ള സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചത് തീർച്ചയായും നല്ലൊരു ചുവടുവെപ്പാണ്.




സച്ചാർ സമിതി ചൂണ്ടിക്കാണിച്ചതനുസരിച്ച് മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലോ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലോ യാതൊരു നീക്കവും ഇതുവരെ നടന്നിട്ടില്ല. യു.പി.എ ഘടകകക്ഷിയായിരുന്ന സി.പി.എം, ബജറ്റിൽ മുസ്ലിംകൾക്കായി ഒരു ഉപപദ്ധതി ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും പരിഗണിക്കപ്പെട്ടില്ല.

മുസ്ലിംകളുടെ സാമ്പത്തിക ദുസ്ഥിതിക്ക് ചെറിയൊരു പരിഹാരമെന്ന നിലക്ക് വായ്പകൾ അനുവദിക്കുമ്പോൾ മുസ്ലിംകൾക്ക് മുൻഗണന നൽകണമെന്ന് ദേശസാത്കൃത ബാങ്കുകൾക്ക് നിർദേശം നൽകിയെന്നല്ലാതെ മോണിറ്ററിംഗിനുള്ള ഒരു നടപടിയുമുണ്ടായില്ല. പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയാകട്ടെ കടലാസിൽ വിശ്രമിക്കുകയാണ്. എസ്.സി, എസ്.ടി വിഭാഗങ്ങൾക്കെന്ന പോലെ ഇതിന്റെ നടത്തിപ്പിനായി ജോയിന്റ് പാർലമെന്ററി കമ്മിറ്റി രൂപീകരിക്കണമെന്ന നിർദേശം നടപ്പിലായിട്ടില്ല.

**എൻ.ഡി.എ മദ്റസകളെയും മതവിദ്യാർഥികളെയുമായിരുന്നു ലക്ഷ്യമിട്ടതെങ്കിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർഥികളെയാണ് ഇപ്പോൾ യു.പി.എ ഗവൺമെന്റ് ടാർഗറ്റ് ചെയ്യുന്നത്. ഇസ്ലാമിനെയും മുസ്ലിംകളെയും അപമാനിക്കുകയും പ്രതിപ്പട്ടികയിലുൾപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിൽ ആഭ്യന്തര മന്ത്രിയും സുരക്ഷാ ഉപദേഷ്ടാവും എല്ലാ അതിരുകളും ലംഘിച്ചിരിക്കുന്നു. ജാമിഅ നഗറിലെ വ്യാജ ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിന്റെ മുസ്ലിം നേതാക്കളടക്കം എല്ലാ സംഘടനകളുടെയും നേതാക്കളും മതേതരവിശ്വാസികളായ രാഷ്ട്രീയ നേതാക്കളും ഒന്നടങ്കം ആവശ്യപ്പെട്ടിട്ടും, യു.പി.എ ചെയർപേഴ്സനും കോൺഗ്രസ് അധ്യക്ഷയുമായ സോണിയാ ഗാന്ധി അത് തള്ളിക്കളഞ്ഞത് യു.പി.എ നേതൃത്വത്തെയും സംശയത്തിന്റെ നിഴലിലാക്കി.**

ന്യൂനപക്ഷങ്ങൾക്ക് തൊഴിൽ, വിദ്യാഭ്യാസ സംവരണം എന്നിവ ഏർപ്പെടുത്തുമെന്ന് കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പു പ്രകടനപത്രികയിലും യു.പി.എയുടെ സംയുക്ത പ്രഖ്യാപനത്തിലും വാഗ്ദാനമുണ്ടായിരുന്നു. അതിനായി കമീഷനെ നിയമിച്ചു. അതിന്റെ നിർദേശങ്ങൾ നടപ്പിലാക്കുമെന്നും പറഞ്ഞിരുന്നു. ജസ്റ്റിസ് രംഗനാഥ് മിശ്രയുടെ അധ്യക്ഷതയിലായിരുന്നു കമീഷൻ. ന്യൂനപക്ഷങ്ങൾക്ക് മൊത്തം 15 ശതമാനവും മുസ്ലിംകൾക്ക് 10 ശതമാനവും സംവരണം കമീഷൻ ശിപാർശ ചെയ്തുവെങ്കിലും റിപ്പോർട്ട് പാർലമെന്റിൽ വെക്കാൻ പോലും ഇതുവരെ ഗവൺമെന്റ് തയാറായിട്ടില്ല. കഴിഞ്ഞ ഏപ്രിലിൽ മുസ്ലിം സംഘടനകളുടെ സംയുക്ത നിവേദക സംഘത്തോട്, ഞങ്ങളുടെ ഒരു വാഗ്ദാനവും നിറവേറ്റാതെ ബാക്കിയില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞൊഴിയുകയായിരുന്നു. വെറും വഴിപാടായി കമീഷനുകളെ നിയമിക്കുകയാണ് യു.പി.എ സർക്കാറും ചെയ്തിട്ടുള്ളത്.

കലാപങ്ങൾ അമർച്ച ചെയ്യുന്നതിനും ഇരകൾക്ക് വിവേചനമില്ലാതെ നഷ്ടപരിഹാരം നൽകുന്നതിനും എന്ന പേരിൽ ഒരു ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ അത് ന്യൂനപക്ഷങ്ങളിൽ ആശങ്ക ജനിപ്പിച്ചു. സംസ്ഥാന ഭരണകൂടങ്ങൾക്കും പോലീസിനും ഉദ്യോഗസ്ഥന്മാർക്കും കൂടുതൽ അധികാരങ്ങൾ നൽകുന്ന ബില്ലിലെ വകുപ്പുകൾ, ഗുജറാത്ത് പോലുള്ള സംഭവങ്ങൾ ആവർത്തിക്കാനിടയാക്കുമെന്നും ഭരണകൂട ഭീകരതക്ക് ആക്കംകൂട്ടുമെന്നും അതിനാൽ ഭേദഗതികൾ വേണമെന്നും അവർ ആവശ്യപ്പെട്ടു. ബിൽ പാർലമെന്റിന്റെ സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് വിട്ടെങ്കിലും ഇപ്പോൾ കേൾക്കുന്നത് യാതൊരു ഭേദഗതിയുമില്ലാത്ത ബിൽ രാജ്യസഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ പോവുന്നു എന്നാണ്.

യു.പി.എ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ ഇസ്ലാമിനെയും മുസ്ലിംകളെയും മതപാഠശാലകളെയും അവമതിക്കുന്ന എൻ.ഡി.എ നയം തിരുത്തപ്പെടുമെന്ന് ന്യായമായും പ്രതീക്ഷിച്ചു. സിമിയുടെ നിരോധം പിൻവലിക്കുമെന്നും കരുതിയവർക്ക് തെറ്റി. യു.പി.എ പ്രശ്നം കൂടുതൽ സങ്കീർമാക്കുകയാണ് ചെയ്തത്. അവർ സിമിയുടെ നിരോധം നീട്ടുകയും നിരോധം നീതിപൂർവമല്ലെന്ന സ്പെഷ്യൽ ട്രൈബ്യൂണലിന്റെ കണ്ടെത്തലിനെതിരെ സുപ്രീംകോടതിയിൽ നിന്ന് സ്റ്റേ വാങ്ങുകയും ചെയ്തിരിക്കുകയാണ്. അതേസമയം ബജ്റംഗ്ദൾ, വി.

എച്ച്.പി തുടങ്ങിയ സംഘ്പരിവാർ കക്ഷികളുടെ വിധ്വംസക പ്രവർത്തനങ്ങൾ തെളിഞ്ഞിട്ടും അവയെ നിരോധിക്കുന്നതിനു പകരം സർക്കാർ മൃദു നയം സ്വീകരിക്കുകയും ചെയ്യുന്നു. എൻ.ഡി.എ മദ്റസകളെയും മതവിദ്യാർഥികളെയുമായിരുന്നു ലക്ഷ്യമിട്ടതെങ്കിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർഥികളെയാണ് ഇപ്പോൾ യു.പി.എ ഗവൺമെന്റ് ടാർഗറ്റ് ചെയ്യുന്നത്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അപമാനിക്കുകയും പ്രതിപ്പട്ടികയിലുൾപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിൽ ആഭ്യന്തരമന്ത്രിയും സുരക്ഷാ ഉപദേഷ്ടാവും എല്ലാ അതിരുകളും ലംഘിച്ചിരിക്കുന്നു. ജാമിഅ നഗറിലെ വ്യാജ ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിന്റെ മുസ്‌ലിം നേതാക്കളടക്കം എല്ലാ സംഘടനകളുടെയും നേതാക്കളും മതേതരവിശ്വാസികളായ രാഷ്ട്രീയ നേതാക്കളും ഒന്നടങ്കം ആവശ്യപ്പെട്ടിട്ടും, യു.പി.എ ചെയർപേഴ്സനും കോൺഗ്രസ് അധ്യക്ഷയുമായ സോണിയാഗാന്ധി അത് തള്ളിക്കളഞ്ഞത് യു.പി.എ നേതൃത്വത്തെയും സംശയത്തിന്റെ നിഴലിലാക്കി.



ചേരിചേരായ്മ, മർദിതപക്ഷത്ത് നിലയുറപ്പിക്കൽ പോലുള്ള നമ്മുടെ വിദേശനയ തത്ത്വങ്ങൾ എൻ.ഡി.എ സർക്കാർ അമേരിക്കൻ സാമ്രാജ്യത്വത്തിനും ഇസ്രയേലിനും അനുകൂലമായി മാറ്റിയെഴുതുകയുണ്ടായി. അന്നത്തെ വിദേശകാര്യമന്ത്രി ജസ്വന്ത് സിംഗ് തെൽഅവീവിൽ പോയി പറഞ്ഞത്, ഇന്ത്യയുടെ ഫലസ്തീൻ അനുഭാവം, കോൺഗ്രസ്സിന്റെ നയമായിരുന്നുവെന്നും എൻ.ഡി.എ അതവസാനിപ്പിക്കുകയാണ് എന്നുമായിരുന്നു. യു.പി.എ അധികാരത്തിൽ വരുന്നതോടു കൂടി ഈ നയം തിരുത്തി, ഇന്ത്യ ലോകത്തെ മർദിത സമൂഹങ്ങളോടൊപ്പം നിൽക്കുമെന്ന് പ്രതീക്ഷിച്ചവർക്ക് തെറ്റി. ഇന്ന് ഇന്ത്യ അമേരിക്കയുടെ മുഴു അടിമത്തത്തിൽ വീണു കഴിഞ്ഞിരിക്കുന്നു. ഇന്ത്യാ-അമേരിക്ക ആണവകരാർ ആയാലും പ്രതിരോധകരാർ ആയാലും ഐ.എ.ഇ.എയിൽ ഇറാനെതിരെ വോട്ട് ചെയ്ത പ്രശ്നമായാലും അമേരിക്കയുടെ മുമ്പിൽ തലകുമ്പിട്ട് നിൽക്കുകയാണ് നാം. അവരുടെ ബിടീമായി ഇന്ത്യ മാറിയിരിക്കുന്നു.

**എത്ര വേഗത്തിലാണോ ജി.ഡി.പി ഗ്രാഫ് ഉയരുന്നത് അതിലേറെ വേഗത്തിൽ വിലക്കയറ്റത്തിന്റെ ഗ്രാഫും ഉയർന്നുകൊണ്ടിരിക്കുന്നു. അന്യായമായ സാമ്പത്തിക നയത്തിന്റെ ഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ തുടക്കം കുറിച്ച സാമ്പത്തിക പ്രതിസന്ധി നമ്മുടെ രാജ്യത്തെയും ബാധിച്ചു തുടങ്ങിയിരിക്കുന്നു.**

ഇസ്രയേലുമായുള്ള ബന്ധം വളരെ മുന്നോട്ടുപോയിരിക്കുന്നു. ഇപ്പോൾ അവരുടെ ആയുധം വാങ്ങുന്നവരിൽ ഒന്നാം സ്ഥാനക്കാരാണ് നാം. സാമ്പത്തിക സഹകരണത്തിൽനിന്ന് തുടങ്ങി, ഇപ്പോൾ സൈനിക, രഹസ്യാന്വേഷണ, ആഭ്യന്തര സുരക്ഷാ കാര്യങ്ങളിൽ പോലും നമ്മുടെ ഉപദേഷ്ടാക്കൾ ഇസ്രയേലും അവരുടെ ചാര സംഘടനയുമാണ്. ഏറ്റവുമൊടുവിൽ ഇസ്രയേലീ ചാര ഉപഗ്രഹം നമ്മുടെ മണ്ണിൽനിന്നാണ് വിക്ഷേപിച്ചിരിക്കുന്നത്. രാജ്യത്ത് ശക്തിപ്രാപിക്കുന്ന 'ഇസ്‌ലാമികഭീകരത'യെ ചെറുക്കാനാണത്രെ ലോക കൊടും ഭീകരന്റെ സഹായം തേടുന്നത്.

മൻമോഹൻ സിംഗിന്റെ നാലര വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ, യാത്ര തുടങ്ങിയത് ശരിയായ വഴിയിൽ തന്നെയായിരുന്നുവെന്നും പിന്നീട് വഴി തെറ്റിയതാണെന്നും കാണാൻ കഴിയും. ഒരുപാട് നല്ല കാര്യങ്ങളുമായി തുടങ്ങി, ഇപ്പോൾ നയവൈകല്യം മൂലം പട്ടിണിയും വിലക്കയറ്റവും അതുവഴി ആത്മഹത്യയും വളരെയധികം വർധിച്ചിരിക്കുന്നു. തുടർന്നുവരുന്ന ആഭ്യന്തര, വിദേശനയങ്ങൾ കാരണം എല്ലാ നല്ല സംരംഭങ്ങളും വെള്ളത്തിലായ സ്ഥിതിയാണ്. മൻമോഹൻ സിംഗ് സർക്കാർ ഏതാണ്ട് എല്ലാ രംഗത്തും പരാജയപ്പെട്ടിരിക്കുന്നു. ■

വിവ: **അബ്ദുർറഹ്മാൻ കൊടിയത്തൂർ**